## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 286 — 29-01-2014 ൽ മറുപടിയ്ക്ക്

### തരിശ് രഹിത കേരളം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കെ.നാണു<br>ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി.ജമീലാ പ്രകാശം | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ നെൽകൃഷി നടത്തുന്ന നിലങ്ങളുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് നിലവിലുള്ള നിലങ്ങളുടെ വിസ്തൃതിയിൽ എത്ര ശതമാനം നിലങ്ങളിൽ കൃഷി നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) നിലവിലുള്ള 2.59 ലക്ഷം ഹെക്ടർ നെൽപ്പാടങ്ങളിൽ പ്രായോഗികമായി നെൽകൃഷി നടപ്പിലാക്കുന്നത് 76% പ്രദേശങ്ങളിൽ മാത്രമാണ്. മറ്റു പ്രദേശങ്ങളിൽ പച്ചക്കറി, വാഴ, മരച്ചീനി എന്നിവയും കൃഷി ചെയ്തു വരുന്നു. |
| (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിഭാവനം ചെയ്ത തരിശ് രഹിത കേരളം പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; വ്യക്തമാക്കാമോ; ഈ സർക്കാർ വന്നതിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) തുടരുന്നുണ്ട്. തരിശ് നെൽപ്പാടങ്ങളിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2011-2012, 2012-2013 വർഷങ്ങളിലായി തരിശുനിലകൃഷി (സുസ്ഥിര നെൽകൃഷി), തരിശുനില കൃഷി (വനിതാഗ്രൂപ്പ് വഴി), തരിശുനിലകൃഷി (കുട്ടനാട് പാക്കേജ്) തരിശുനിലകൃഷി (കോൺട്രാക്ട് ഫാമിംഗ്), ആർ.കെ.വി.വൈ കരാർ കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുകയും 2013-2014 വർഷം തരിശു രഹിത പഞ്ചായത്ത് പദ്ധതി പ്രകാരം തരിശുനിലകൃഷി, കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം തരിശുനില നെൽകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ